"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2026-27 - WP(C)No.10554/2018-ൽ ബഹു ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ ഇന്റർഗ്രേറ്റഡ് ഹെൽത്ത് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട ബിൽ തുക അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിലെ പൊതു വിഭാഗത്തിൽ നിന്നും ഹർജിക്കാരനായ ശ്രീ.രാജശേഖരൻ നായർക്ക് ബിൽ തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം. 4041/2026/ധന തീയതി, തിരുവനന്തപുരം, 30-04-2026

---

പരാമർശം :
1) സ.ഉ.(സാധാ) നം.5824/2017 ധന തീയതി 21/06/2017
2) സ.ഉ.(സാധാ) നം.8691/2018/ധന തീയതി 22/10/2018
3) WP(C)No.10554/2018-ൽ ബഹു ഹൈക്കോടതിയുടെ 10/02/2026, 30/03/2026 എന്നീ തീയതികളിലെ ഉത്തരവുകൾ.
4) LSGD-DB1/264/2024-LSGD നമ്പർ അനൗദ്യോഗിക ഫയൽ

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം ഗ്രാമപഞ്ചായത്ത് 2016-17ലെ വാർഷിക പദ്ധതിയിൽ ലോകബാങ്ക് സഹായത്തോടെ കേരള ലോക്കൽ ഗവൺമെന്റ്സ് സർവീസ് ഡെലിവറി പ്രോജക്റ്റിൽ (KLGSDP) ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രോജക്റ്റ് നമ്പർ '198/2017 സംയോജിത ആരോഗ്യ പരിപാലന കേന്ദ്രം, കല്ലേലി' എന്ന പ്രവർത്തിയുടെ സെക്കന്റ് & പാർട്ട് ബിൽ പാസ്സാക്കി നൽകാത്തതിനെ തുടർന്ന് കരാറുകാരനായ ശ്രീ. രാജശേഖരൻ നായർ തദ്ദേശ സ്വയംഭരണ വകുപ്പിനെ ഒന്നാം കക്ഷിയാക്കി ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത 10554/2018-ാം നമ്പർ റിറ്റ് പെറ്റിഷനിൽ 20/02/2026ലെ വിധി പ്രകാരം ഹർജിക്കാരൻ പൂർത്തീകരിച്ച അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ ഇന്റർഗ്രേറ്റഡ് ഹെൽത്ത് സെന്റർ നിർമ്മാണത്തിൽ ചെയ്ത

ജോലിയുടെ അളവ് കണക്കാക്കുമ്പോൾ യാതൊരു വിധ ക്രമക്കേടുകളും ഇല്ലാത്തതിനാൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.

2) KLGSDP പ്രോജക്ടുകൾ 2017 ജൂൺ 30 വരെയുള്ളുവെന്നതിനാൽ 2016–17 ൽ അനുവദിച്ച ഫണ്ടുകൾ മേൽ തീയതിക്ക് മുമ്പ് ചെലവഴിച്ച് തീർക്കുന്നതിന് 2016–17 ൽ ചെലവഴിക്കാത്ത KLGSDP ഫണ്ട് പരാമർശം (1) പ്രകാരം പുനരനുവദിക്കുകയുണ്ടായി. മേൽ സാമ്പത്തിക വർഷത്തിന്റെ അവസാന ഭാഗത്ത് മാത്രമാണ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നത്. ആയതിനാൽ ടി ബിൽ മാറാൻ കഴിഞ്ഞിരുന്നില്ലയെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. 2018–19 സാമ്പത്തിക വർഷത്തെ ബജറ്റിൽ KLGSDP യ്ക്കുള്ള ശീർഷകങ്ങളിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായിരുന്നു. ആയതിനാൽ 2017–18 ൽ ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ മാറുന്നതിന് വികസനഫണ്ടിന്റെ പൊതു വിഭാഗത്തിൽ നിന്നും തുക അനുവദിക്കുകയും KLGSDP പ്രോജക്ടുകളുടെ ട്രഷറി ക്യൂവിൽ ഉൾപെടാത്ത ബില്ലുകൾ അതാത് പ്രാദേശിക സർക്കാരുകൾ വികസന ഫണ്ടിലെ പൊതു വിഭാഗത്തിൽ നിന്നും മാറേണ്ടതാണ് എന്നും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

3) സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിച്ച് പദ്ധതി വിഭാവനം ചെയ്യുന്ന ഗ്രാമപഞ്ചായത്തിന് കരാറുകാരന് ഇത്രയും ഭീമമായ തുക നൽകുന്നതിന് സാധിക്കാത്ത സ്ഥിതിവിശേഷമാണ് നിലവിൽ ഉള്ളതെന്നും ആയത് പരിഗണിച്ച് KLGSDP ഫണ്ടായി ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക കരാറുകാരന് നൽകുന്നതിനായി സർക്കാരിൽ നിന്നും പുനരനുവദിക്കുന്നതിനുള്ള അനുകൂല പരിഗണന നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട് .

4) ഹർജിക്കാരൻ മേൽ പ്രവർത്തി പൂർത്തിയാക്കിയതിന്റെ മുഴുവൻ രേഖകൾ അടിയന്തരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടും രേഖകളും പരിശോധിച്ചതിൽ നിന്നും കേസിന് ആസ്പദമായ സിസി സെക്കന്റ് & പാർട്ട് ബില്ലിൻറെ തുക 34,30,469/– രൂപയും സിസി തേഡ് & പാർട്ട് ബില്ലിലെ 7,96,330/– രൂപയും ചേർത്തു സിസി തേഡ് & ഫൈനൽ ബിൽ തുക കരാറുകാരന് നൽകാനുള്ളത് **₹42,26,799/–** രൂപയാണെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ബഹു.കേരള ഹൈക്കോടതി മുൻപാകെ ശ്രീ.രാജശേഖരൻ നായർ ഫയൽ ചെയ്ത WP(C) No. 10554/2018 നമ്പർ കേസിലെ 30/03/2026 ലെ ഉത്തരവ് മാനിച്ച് ഹർജിക്കാരൻ പൂർത്തീകരിച്ച

ആരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ ഇന്റർഗ്രേറ്റഡ് ഹെൽത്ത് സെന്റർ നിർമ്മാണത്തിൽ ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള തേഡ് & ഫൈനൽ ബിൽ തുകയായ **₹42,26,799/- (നാല്പത്തി രണ്ട് ലക്ഷത്തി ഇരുപത്തി ആറായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം)** 2026-27 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിലെ 3604-00-200-75-05-35 എന്ന ശീർഷകത്തിൽ നിന്നും അരുവാപ്പുലം ഗ്രാമപഞ്ചായത്തിന് (G030602) അനുവദിക്കുന്നു. മേൽ തുക 2026-27 സാമ്പത്തിക വർഷത്തെ പ്രാദേശിക സർക്കാരുകൾക്കുള്ള ഒന്നാം ഗഡു വികസന ഫണ്ട് അനുവദിക്കുമ്പോൾ അരുവാപ്പുലം ഗ്രാമപഞ്ചായത്തിന്റെ വിഹിതത്തിൽ നിന്നും കുറവ് വരുത്തുന്നതാണ്.

6) അനുവദിച്ചിട്ടുള്ള തുക കരാറുകാരനായ ശ്രീ. രാജശേഖരൻ നായർക്ക് മാറി കൊടുക്കുന്നതിന് അരുവാപ്പുലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-III), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, അരുവാപ്പുലം ഗ്രാമപഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടർ (അർബൻ), എൽ.എസ്.ജി.ഡി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം/ഡി.ബി) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-3443121)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ